**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **13-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമപെൻഷൻ വാങ്ങുന്ന അൻപത്തിരണ്ട് ലക്ഷത്തോളം ആളുകളുടെ പട്ടികയിൽ നിരവധി അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെങ്കിലും പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ ഇത് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2016-ലെ പെർഫോമൻസ് ആഡിറ്റ് ഓഫ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ സ്കീംസ്-ആറാം നമ്പർ റിപ്പോർട്ട് പ്രകാരം അനർഹർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 2019-ൽ നടത്തിയ പൈലറ്റ് സർവ്വെയിലും അനർഹർ ഉൾപ്പെട്ടിട്ടുള്ള കാര്യം കണ്ടെത്തിയിരുന്നു. കൂടാതെ, മോട്ടോർ വാഹന വകുപ്പ്, സ്പാർക്ക്, ട്രഷറി പെൻഷൻ എന്നിവയിലെ ഡാറ്റാ സാമൂഹ്യ സുരക്ഷാ പെൻഷൻ സോഫ്റ്റ്‌വെയറായ സേവനയിലെ ഡാറ്റായുമായി പരിശോധിച്ചപ്പോൾ നിരവധി അനർഹരെ കണ്ടെത്തുകയും അത്തരക്കാരെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ ഡാറ്റാബേസ് സേവനയുമായി ഇന്റഗ്രേറ്റ് ചെയ്തു മുഖേന രണ്ടിൽ കൂടുതൽ പെൻഷനുകൾ അനർഹമായി കൈപ്പറ്റി വന്നിരുന്ന നിരവധി പേരെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.<br><br>സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നിർബന്ധമാക്കിയതിനെത്തുടർന്ന് 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവരിൽ രണ്ടിൽ കൂടുതൽ പെൻഷനുകൾ കൈപ്പറ്റിയിരുന്ന അനർഹരെയും മരണപ്പെട്ടവരെയും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അനർഹരെ കണ്ടെത്തുന്നതിന് നടത്തിയ മസ്റ്ററിംങ് പൂർത്തീകരിച്ചിട്ടും പട്ടികയിൽ അനർഹർ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (സി) | ഉണ്ട്. മസ്റ്ററിംഗ് നടത്തിയത് മരണപ്പെട്ടവരെയും രണ്ടിലധികം പെൻഷൻ വാങ്ങുന്ന അനർഹരെയും കണ്ടെത്തി ഒഴിവാക്കുന്നതിനു വേണ്ടിയാണ്. എന്നാൽ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയും, ഭൗതിക സാഹചര്യങ്ങളും ഉള്ളവരും, നിശ്ചിത പരിധിയിലധികം ഭൂമിയുള്ളവരും അനർഹമായി പെൻഷനുകൾ കൈപ്പറ്റി വരുന്നുവെന്ന് നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതും ഇതിൽ പല കേസുകളിലും കഴമ്പുണ്ടെന്ന് പിന്നീട് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി കാരണം ക്ഷേമ പെൻഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നുള്ളത് വസ്തുതയാണ്. എന്നിരുന്നാലും ക്ഷേമ പെൻഷൻ യഥാസമയം ലഭ്യമാക്കുക എന്നത് സർക്കാരിന്റെ നയമാണ്. 2022 നവംബർ മാസം വരെയുള്ള ക്ഷേമ പെൻഷൻ ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ